# വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. HARITHA V KUMAR)

വിഷയം:- വനിത ശിശു വികസന വകുപ്പ് –പോഷൻ അഭിയാൻ - ന്യൂട്രിഷൻ ക്ലിനിക്ക്- ന്യൂട്രിഷനിസ്റ്റ് ഫീസ്- 2024 ജനുവരി, ഫെബ്രുവരി, മാർച്ച് മാസം ചെലവായ തുക അനുവദിച്ചു- ഉത്തരവാകുന്നു.

പരാമർശം:
1. പോഷൻ അഭിയാൻ 2.0 മാർഗരേഖ
2. 21.10.2020 ലെ WCD/NNM2/5805/20
3. 29.11.2023 ലെ സ.ഉ.(സാധാ)നം.619/2023/WCD
4. 18.12.2023 ലെ DWCD/4086/2022-SA1
5. 01-03-2024 ലെ DWCD/4086/2022-SA1
6. 26.11.2024 ലെ സ.ഉ.(സാധാ) നം.440/2024/WCDD
7. 13.05.2025 ലെ സ.ഉ.(സാധാ)നം.178/2025/WCDD

**ഉത്തരവ് നം. DWCD/4086/2022-SA1 തീയതി: 22-05-2025**

കുട്ടികളിലെയും സ്ത്രീകളിലെയും പോഷണക്കുറവ്, വിളർച്ച, തൂക്കക്കുറവ്, വളർച്ച മുരടിപ്പ് എന്നിവ തടയുന്നതിനായി പോഷകാഹാരത്തിൻറെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിനും ഗുണഭോക്താക്കളുടെ പോഷണ നിലവാരം വിലയിരുത്തുന്നതിനും തുടർസേവനങ്ങൾ നൽകുന്നതിനും യോഗ്യരായ പോഷക വിദഗ്ധരുടെ സഹായത്തോടുകൂടി "ന്യൂട്രിഷ്യൻ ക്ലിനിക് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തിലെ 258 ICDS കളിലേക്ക് 2023- 24 സാമ്പത്തിക വർഷം "ന്യൂട്രിഷ്യൻ ക്ലിനിക് പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്. ഒരു ദിവസം 750/- രൂപ നിരക്കിൽ ആഴ്ചയിൽ രണ്ടു ദിവസം മാസത്തിൽ പരമാവധി ഒരു ICDS ൽ എട്ടു ക്ലിനിക്ക് എന്ന നിരക്കിലാണ് ന്യൂട്രിഷനിസ്റ്റുമാർക്ക് ഫീസ് അനുവദിക്കുന്നത്. പരാമർശം (7) പ്രകാരം 2024 ജനുവരി, ഫെബ്രുവരി, മാർച്ച് മാസത്തിലെ ന്യൂട്രിഷൻ ക്ലിനിക്ക് ഫീസ് തുക അനുവദിച്ചു സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്.

2024 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി 4441 ന്യൂട്രിഷ്യൻ ക്ലിനിക് സംഘടിപ്പിച്ചിട്ടുണ്ട്. ആയതിൻ്റെ അടിസ്ഥാനത്തിൽ ന്യൂട്രിഷൻ ഫീസായ **₹33,30,750/-(മുപ്പത്തി മൂന്നു ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം)** അനുവദിച്ചു ഉത്തരവാകുന്നു. പ്രസ്തുത തുക ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് Annexure I പ്രകാരം അലോട്മെൻ്റ് നൽകാവുന്നതാണ്. ആയതിൻ്റെ അടിസ്ഥാനത്തിൽ വിവിധ ഐസിഡിഎസ് ഓഫീസുകളിൽ അനുബന്ധമായി ചേർത്തിരിക്കുന്ന Annexure II (ജനുവരി, ഫെബ്രുവരി, മാർച്ച്) പ്രകാരം ശിശു വികസന പദ്ധതി ഓഫീസർമാർക്ക് തുക അനുവദിക്കാവുന്നതാണ്.

**Annexure I**

| | | ജനുവരി-2024 | | ഫെബ്രുവരി-2024 | | മാർച്ച് - 2024 | | |
|---|---|---|---|---|---|---|---|---|
| ക്രമ നം | ജില്ലയുടെ പേര് | ക്ലിനിക്ക് കളുടെ എണ്ണം | ഫീസ് തുക | ക്ലിനിക്ക് കളുടെ എണ്ണം | ഫീസ് തുക | ക്ലിനിക്ക് കളുടെ എണ്ണം | ഫീസ് തുക | **ആകെ തുക** |
| 1 | തിരുവനന്തപുരം | 192 | 144000 | 192 | 144000 | 175 | 131250 | **419250** |
| 2 | കൊല്ലം | 108 | 81000 | 129 | 96750 | 121 | 90750 | **268500** |
| 3 | പത്തനംതിട്ട | 18 | 13500 | 68 | 51000 | 76 | 57000 | **121500** |
| 4 | കോട്ടയം | 119 | 89250 | 115 | 86250 | 110 | 82500 | **258000** |
| 5 | ഇടുക്കി | 0 | 0 | 0 | 0 | 31 | 23250 | **23250** |
| 6 | ആലപ്പുഴ | 96 | 72000 | 80 | 60000 | 84 | 63000 | **195000** |
| 7 | എറണാകുളം | 154 | 115500 | 173 | 129750 | 165 | 123750 | **369000** |
| 8 | തൃശ്ശൂർ | 67 | 50250 | 98 | 73500 | 159 | 119250 | **243000** |
| 9 | പാലക്കാട് | 80 | 60000 | 91 | 68250 | 119 | 89250 | **217500** |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10 | കോഴിക്കോട് | 80 | 60000 | 75 | 56250 | 127 | 95250 | **211500** |
| 11 | മലപ്പുറം | 171 | 128250 | 175 | 131250 | 177 | 132750 | **392250** |
| 12 | വയനാട് | 64 | 48000 | 64 | 48000 | 64 | 48000 | **144000** |
| 13 | കണ്ണൂർ | 127 | 95250 | 161 | 120750 | 159 | 119250 | **335250** |
| 14 | കാസർഗോഡ് | 44 | 33000 | 69 | 51750 | 64 | 48000 | **132750** |
| | ആകെ | 1320 | **990000** | 1490 | **1117500** | 1631 | **1223250** | **3330750** |

മേൽ പറഞ്ഞ തുകയായ **₹33,30,750/-(മുപ്പത്തി മൂന്നു ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം)** 2235-02-102-56 (P) ൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

ചെലവായ തുകയുടെ UC യും റിപ്പോർട്ടും ക്രോഡീകരിച്ചു അതതു പ്രോഗ്രാം ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**(HARITHA V KUMAR)**

**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ് :

1. എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
4. അക്കൗണ്ട് സെക്ഷൻ
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

22/05/2024.

22/05/2025

അഡീഷണൽ ഡയറക്ടർ

കേരള സർക്കാർ

<u>സംഗ്രഹം</u>

വനിത ശിശു വികസന വകുപ്പ്-പോഷൺ അഭിയാൻ-ന്യൂട്രിഷൻ ക്ലിനിക്ക് പദ്ധതി - 2024 ജനുവരി മുതൽ മാർച്ച് മാസം വരെ ചെലവായ തുക അനുവദിച്ച് ഉത്തരവാകുന്നു.

വനിത ശിശു വികസന ബി വകുപ്പ്

**G.O.(Rt)178/2025/WCDD** **Dated,13/05/2025**

എ.എസ് നമ്പർ : AS/WCD/25/42081 കാലാവധി : 31/03/2026

പരാമർശം:- 1.സ.ഉ(സാധാ)നം.440/2024/WCDD തീയ്യതി 26/11/2024
2.സ.ഉ(സാധാ)നം.51/2025 WCDD തീയ്യതി 04/02/2025
3.വനിത ശിശു വികസന ഡയറക്ടറുടെ 19/12/2024 തീയ്യതിയിലെ DWCD/4086/2022-SA1 നമ്പർ കത്ത്

<u>ഉത്തരവ്</u>

ന്യൂട്രിഷൻ ക്ലിനിക്ക് പദ്ധതിയ്ക്ക് 2024 ജനുവരി മുതൽ മാർച്ച് മാസം വരെ ചെലവായ ₹ 33,30,750/- രൂപ (മുപ്പത്തിമൂന്ന് ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം ) 2235-02-102-56(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ തുക പുനക്രമീകരിച്ചുകൊണ്ട് പരാമർശം(2) പ്രകാരമുള്ള ഉത്തരവിൽ ന്യൂട്രിഷൻ ക്ലിനിക്കുകൾക്കുള്ള തുക വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ 2024 ജനുവരി മുതൽ മാർച്ച് മാസം വരെ ചെലവായ 33,30,750/- (മുപ്പത്തിമൂന്ന് ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) 2235-02-102-56(P) ശീർഷകത്തിൽ Prioritization ലിമിറ്റ് അധികരിക്കാതെ ചെലവഴിക്കാനുള്ള അനുമതി നൽകണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം(3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ന്യൂട്രിഷൻ ക്ലിനിക് പദ്ധതിയ്ക്ക് വേണ്ടി

2023-24 സാമ്പത്തിക വർഷം ചെലവായ 33,30,750/-(മുപ്പത്തി മൂന്ന ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-56 (P) ശീർഷകത്തിലെ വിഹിതത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | പോഷൺ അഭിയാൻ ന്യൂട്രിഷൻ ക്ലിനിക്ക് പദ്ധതി 2024 ജനവരി മുതൽ മാർച്ച് മാസം വരെ ചെലവായ തുക അനുവദിക്കുന്നത് സംബന്ധിച്ച് | 33,30,750 |
| ആകെ ( മുപ്പത്തി മൂന്ന് ലക്ഷത്തിമുപ്പതിനായിരം എഴുന്നൂറ്റി അൻപത് രൂപ) | | **33,30,750** |

ഗവർണറുടെ ഉത്തരവിൻ പ്രകാരം .

അഡീഷണൽ സെക്രട്ടറി

Women and Child Development

To

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

വെബ് & ന്യൂ മീഡിയ ( വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി.

Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2025.06.10 [illegible] +05:30